**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3278** **04-08-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് സ്റ്റാഫ് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ശമ്പള പരിഷ്കരണ ഉത്തരവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് സ്റ്റാഫ് എന്ന് ഉദ്ദേശിക്കുന്നത് സീനിയർ സയന്റിഫിക് ഓഫീസർ, സീനിയർ സയന്റിഫിക് അസിസ്റ്റന്റ്, സയന്റിഫിക് അസിസ്റ്റന്റ്, മെഡിക്കൽ ഐസോടോപ്പ് ടെക്നോളജിസ്റ്റ്, ഫിസിയോളജിക്കൽ അസിസ്റ്റന്റ്, ബയോകെമിസ്റ്റ് എന്നീ തസ്തികകളിലെ ജീവനക്കാരെയാണ്. |
| (ബി) | സയന്റിഫിക് സ്റ്റാഫിന്റെ അക്കാദമിക് യോഗ്യത എന്താണെന്ന് അറിയിക്കുമോ; സയന്റിഫിക് സ്റ്റാഫ് പട്ടികയിൽ വരുന്ന സയന്റിഫിക് ഓഫീസർ, സീനിയർ സയന്റിഫിക് അസിസ്റ്റൻറ് തസ്തികകൾ എത്ര മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (ബി) | സയന്റിഫിക് സ്റ്റാഫിന്റെ അക്കാദമിക് യോഗ്യത അനുബന്ധമായി ചേർത്തിരിക്കുന്നു. സയന്റിഫിക് സ്റ്റാഫ് പട്ടികയിൽ വരുന്ന സയന്റിഫിക് ഓഫീസർ തസ്തികകൾ തിരുവനന്തപുരം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിലാണ് നിലവിലുള്ളത്. സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. |
| (സി) | സീനിയർ സയന്റിഫിക് ഓഫീസറുടെ ഡ്യൂട്ടിയും ഉത്തരവാദിത്വവും എന്തെന്ന് വ്യക്തമാക്കുമോ; ഈ ഓഫീസർമാർ രോഗീചികിത്സാ സംബന്ധമായ അനുബന്ധ ജോലികൾ ചെയ്യുന്നുണ്ടോ; | (സി) | സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയുടെ സ്ഥാനക്കയറ്റ തസ്തികയാണ് സീനിയർ സയന്റിഫിക് ഓഫീസർ. ടി തസ്തിക വിവിധ വിഭാഗങ്ങളിൽ നിലവിലുണ്ട്. ഓരോ വിഭാഗത്തിന്റേയും പ്രത്യേകതകൾ അനുസരിച്ച് ടി തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടിയിൽ വ്യത്യാസം വരുന്നതാണ്. ടി തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർ മെഡിക്കൽ കോളേജുകളിലെ വിവിധ അക്കാദമിക് വകുപ്പുകളിൽ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ/കോ ഇൻവെസ്റ്റിഗേറ്റർ ആയി ഗവേഷണ പ്രവർത്തികളിൽ ഏർപ്പെടുക, ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുക, രോഗികളുടെ സാമ്പിളുകൾ പരിശോധിക്കുന്ന ലാബിലെ ടെസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുക, അതീവ വൈദഗ്ധ്യം |

| | | | |
|---|---|---|---|
| | | | ആവശ്യമുള്ള ടെസ്റ്റുകൾക്ക് മേൽനോട്ടം വഹിക്കുക, മെഡിക്കൽ പോസ്റ്റ് ഗ്രാജ്ജുവേറ്റ് വിദ്യാർത്ഥികളുടേയും മെഡിക്കൽ കോളേജ് അധ്യാപകരുടേയും ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക, ചില വിഭാഗങ്ങളിലെ ലാബുകളുടെ പ്രധാന സാങ്കേതിക മേധാവിത്വം വഹിക്കുക, വിവിധ സയന്റിഫിക്/ടെക്നിക്കൽ കമ്മിറ്റികളിലെ അംഗത്വം/പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുക, വകുപ്പ് മേധാവി നിർദ്ദേശിക്കുന്ന കർത്തവ്യങ്ങൾ ചെയ്യുക എന്നീ ജോലികളാണ് നിർവഹിക്കുന്നത്. രോഗനിർണ്ണയം നടത്തുന്ന ലാബുകൾ ഉള്ള ചില വകുപ്പുകളിൽ സീനിയർ സയന്റിഫിക് ഓഫീസർ രോഗനിർണ്ണയ അനുബന്ധ ജോലികൾ ചെയ്യുന്നുണ്ട്. |
| (ഡി) | സീനിയർ സയന്റിഫിക് അസിസ്റ്റന്റ്മാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്ത്വവും എന്തെന്ന് വ്യക്തമാക്കുമോ; ഈ വിഭാഗം രോഗനിർണയ സംബന്ധമായ അനുബന്ധ ജോലികൾ ചെയ്യുന്നുണ്ടോ; മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഗവേഷണ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; പ്രവർത്തിക്കുന്നു എങ്കിൽ ഏതെല്ലാം മെഡിക്കൽ വിഭാഗങ്ങളിലാണ് ഇവയുടെ പ്രവർത്തനം എന്ന് അറിയിക്കുമോ; | (ഡി) | സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർ മെഡിക്കൽ കോളേജിലെ വിവിധ അക്കാദമിക വകുപ്പുകളിൽ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ/കോ ഇൻവെസ്റ്റിഗേറ്റർ ആയി ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുക, രോഗികളുടെ സാമ്പിളുകൾ പരിശോധിക്കുന്ന ലാബിലെ ടെസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുക, അതീവ വൈദഗ്ദ്യം ആവശ്യമുള്ള ടെസ്റ്റുകൾക്ക് മേൽനോട്ടം വഹിക്കുക, മെഡിക്കൽ പോസ്റ്റ് ഗ്രാജ്ജുവേറ്റ് വിദ്യാർത്ഥികളുടേയും മെഡിക്കൽ കോളേജ് അധ്യാപകരുടേയും ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ ഏകോപിപ്പിക്കുക, ചില ഡിപ്പാർട്മെന്റിലെ ലാബുകളുടെ പ്രധാന സാങ്കേതിക മേധാവിത്വം വഹിക്കുക, വിവിധ സയന്റിഫിക്/ടെക്നിക്കൽ കമ്മിറ്റികളിലെ അംഗത്വം/പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുക, വകുപ്പ് മേധാവി നിർദ്ദേശിക്കുന്ന കർത്തവ്യങ്ങൾ ചെയ്യുക എന്നീ ജോലികളാണ് നിർവഹിക്കുന്നത്. Institutional Research Committee (IRC), State Board for Medical Research (SBMR) ഉൾപ്പെടെയുള്ള ഗവേഷണ പ്രവർത്തനങ്ങൾ വിവിധ മെഡിക്കൽ കോളേജുകളിലെ എല്ലാ അക്കാദമിക് വിഭാഗങ്ങളിലും ഉണ്ട്. |
| (ഇ) | സീനിയർ സയന്റിഫിക് ഓഫീസർ തസ്തികകൾ ഓരോ മെഡിക്കൽ കോളേജിലും എത്ര എണ്ണം വീതമുണ്ടെന്ന് അറിയിക്കുമോ; സീനിയർ സയന്റിഫിക് ഓഫീസർ തസ്തിക നിലവിൽ | (ഇ) | സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 7 സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് - 2 സീനിയർ സയന്റിഫിക് ഓഫീസർ തസ്തികകൾ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലില്ല. |

| | | | |
|---|---|---|---|
| | ഇല്ലാത്ത മെഡിക്കൽ കോളേജുകൾ ഏതൊക്കെ എന്ന് അറിയിക്കുമോ; | | |
| (എഫ്) | സീനിയർ സയന്റിഫിക് ഓഫീസർ തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച് എന്തെങ്കിലും സർക്കാർ നിർദ്ദേശമോ ഉത്തരവോ നിലവിലുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രണ്ട് സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകളും കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒരു സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികയും ഷിഫ്റ്റ് ചെയ്ത് ഓരോ തസ്തിക വീതം ആലപ്പുഴ/കോട്ടയം/തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്ക് വിന്യസിക്കുന്നതിന് 14.09.2018 ലെ സ.ഉ(സാധാ) നം.2819/2018/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി പുനർ വിന്യാസം തങ്ങളുടെ സ്ഥാപനങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബയോകെമിസ്ട്രി ലാബുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന് തിരുവനന്തപുരം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ അറിയിച്ചതിനെത്തുടർന്ന് ടി ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഒഴിഞ്ഞുകിടക്കുന്ന സീനിയർ സയന്റിഫിക് ഓഫീസർ (ബയോഫിസിക്സ്) തസ്തിക തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു. എന്നാൽ ആലപ്പുഴ/കോട്ടയം മെഡിക്കൽ കോളേജുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യേണ്ട തസ്തികകളെ സംബന്ധിച്ച് ശിപാർശ ലഭ്യമാകാതിരുന്നതിനാൽ ടി വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്രമായ ശിപാർശ ലഭ്യമാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**Annexure :1**

| Sl No. | Posts | Qualification |
|---|---|---|
| 1 | Senior Scientific Officer(Pathology) | i Ph.D in Zoology<br>Or<br>ii a. MSc Zoology Ist Class or IInd Class<br>b. Five Years experience in Medical College or Research Institution |
| 2 | Senior Scientific Officer (Biochemistry) | MSc I or II Class in Biochemistry with minimum two years research experience in a Medical College or Research Institute. |
| 3 | Senior Scientific Officer(Anatomy) | i. Ph.D in Anatomy/Zoology<br>or<br>ii. a)M.Sc I or II class in Anatomy/ Zoology b)Five Years experience in Medical College or Research Institution with Research publication. |
| 4 | Senior Scientific Assistant (Pathology) | i. M.Sc in Chemistry I or II Class<br>or<br>ii. M Sc in Zoology I or Class |
| 5 | Senior Scientific Assistant (Anatomy) | i. M.Sc in Zoology I or II Class Desirable experience in Neurohistology |
| 6 | Senior Scientific Assistant (Physiology) | M.Sc in Zoology I or II class |
| 7 | Senior Scientific Assistant (Pharmacology) | i. M Sc in Pharmacology (in its absence)<br>ii. M.Sc in Chemistry or Biology |
| 8 | Senior Scientific Assistant(Biochemistry) | M.Sc in Biochemistry (I class)<br>or (in the absence of those with this qualification)<br><br>M.Sc in Chemistry I Class with Biochemistry as a subject<br>or (in the absence of those with this qualification)<br>M.Sc in (a) Pure Chemistry (I or II Class) or (b) Applied Chemistry (I or II Class) or (c) Analytical chemistry (I or II Class) |

| | | |
|---|---|---|
| 9 | Medical Radio Isotope Technologist | 1. M Sc Degree in Physics, Chemistry or equivalent in the absence MSc Biological Science (Botony, Zoology, Biotechnology, Biochemistry) or equivalent.<br>2. DMRIT obtained Bhabha Atomic Research Centre or MSc in Nuclear Medicine Technology from any Universities approved by AERB |
| 10 | Physiological Assistant | MSc $I^{st}$ or $II^{nd}$ class in Human Physiology and in the absence of candidates with such qualification MSc $1^{st}$ or $2^{nd}$ class in zoology. |
| 11 | Scientific Assistant (D&V) | For Promotion<br>1. Minimum general educational qualification of S.S.L.C<br>2. Pass in the Lab.Technician course conducted in the Medical Colleges<br>3. Special Training in Serological work(V.D) in a recognised institution<br>4. Ten years experience in V.D Lab.<br><br>For Direct Recruitment<br>1. B.Sc in degree in Chemistry<br>2. Pass in the Laboratory Technician Course conducted in the Medical Colleges<br>3. Five Years experience in V.D Lab |
| 12 | Scientific Assistant (Nuclear Medicine) | a. BSc in any subject<br>b. Diploma in Medical Radio Isotop Technology (DMRIT)<br>or<br>BSc in Nuclear Medicine Technology (4 year course recognised by Atomic Energy Regulatory Board) |
| 13 | Scientific Assistant (Serology) | For Promotion<br>1. B.Sc Zoology with Ist or II Class<br>2. Pass in MLT Course conducted by a Medical College<br>3. Three months special training in serological work from a recognised |

| | | |
|---|---|---|
| | | institution.<br>4. Two years experience in MLT of which atleast one year should be in a Medical College, which should include serological work.<br>For Direct Recruitment<br><br>1. M.Sc degree in Medical Microbiology<br>2. Two years experience in serological investigation in a recognised institution |
| 14 | Scientific Assistant (Electrodiagnosis) | 1. A pass in SSLC or equivalent qualification<br>2. Diploma in Electronic Engineering or diploma in electrical engineering from a recognised institute. |
| 15 | Biochemist | M.Sc in Biochemistry (Ist Class)<br>or<br>M.Sc in Chemistry (1st class) with Biochemistry as subject<br>or (if no candidate is available) M.Sc in any of the following subjects<br><br>1.Pure Chemistry<br>2.Applied Chemistry<br>3.Analytical Chemistry |